III ഇ.ബി. XII-കേരള നിയമസഭ/IV-7

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 മാർച്ച് 12, തിങ്കൾ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ഉന്നയിക്കുകയും (*121, *122 & *123) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II അടിയന്തിര പ്രമേയം

എസ്.എസ്.എ. പരീക്ഷ ചോദ്യക്കടലാസ് വിതരണത്തിനായി കൊണ്ടു പോകുംവഴി പരപ്പനങ്ങാടിയിലും ആലപ്പുഴയിലെ കൊറ്റംകുളങ്ങരയിലും ചിതറിവീണതുമൂലം വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ഉണ്ടായിട്ടുള്ള ഉൽക്കണ്ഠയും പ്രതിഷേധവുംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണ മെന്നാവശ്യപ്പെട്ട് ശ്രീ. കെ.സി. വേണുഗോപാലും മറ്റ് നാലംഗങ്ങളും നൽകിയ അടിയന്തിരപ്രമേയത്തിന് വിദ്യാഭ്യാസവും സാംസ്ക്കാരിക

കാര്യവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു. അതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. ജോസഫ് എം. പുതുശ്ശേരി, ശ്രീ. സി.ടി. അഹമ്മദ് അലി എന്നീ അംഗങ്ങൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അൽപ സമയ ത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.

**III ശ്രദ്ധ ക്ഷണിക്കൽ**

(1) വെണ്ടുരുത്തി പാലത്തിന്റെ കേടുപാടുകൾ അടിയന്തിരമായി തീർക്കേണ്ടതിന്റെയും പ്രസ്തുത പാലത്തിന് സമാന്തരമായി ഒരു പുതിയ പാലം പണിയേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് മരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) സംസ്ഥാനത്ത് അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിച്ച് ഭക്ഷ്യക്ഷാമവും പരിസ്ഥിതി പ്രശ്നവും കർഷകത്തൊഴിലാളികളുടെ തൊഴിലില്ലായ്മയും പരിഹരിക്കുന്നതിലേയ്ക്കായി ഒരു പുതിയ നിയമ നിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ബി. രാഘവൻ റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

**IV സബ്മിഷൻ**

(1) സർക്കാർ സ്ഥാപനങ്ങളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതുമൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച്

ശ്രീ. കെ.സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) ചാവക്കാട് താലൂക്ക് ആശുപത്രിക്ക് പുതിയ ഒ.പി. ബ്ളോക്ക് സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ.വി അബ്ദുൾ ഖാദർ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി മറുപടി നൽകി.

(3) തലസ്ഥാന നഗരിയിലെ റോഡ് വികസന പദ്ധതി സ്തംഭനാവസ്ഥ യിലായതു സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(4) പട്ടികജാതി വികസന വകുപ്പ് നൽകിവരുന്ന ഭവന നിർമ്മാണ വായ്പയുടെ വ്യവസ്ഥകളിൽ മാറ്റം വരുത്തിയതു സംബന്ധിച്ച് ശ്രീ. കെ. കെ. ഷാജു ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിന്റെ നവീകരണം സംബന്ധിച്ച് ശ്രീ. സി.പി. മുഹമ്മദ് ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

(6) കണ്ടെയ്നർ ഫ്രെയിറ്റ് സ്റ്റേഷൻ കണ്ണൂരിൽ സ്ഥാപിക്കേണ്ടത് സംബന്ധിച്ച് ശ്രീ. എം. പ്രകാശൻ മാസ്റ്റർ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിരുന്നു.)

(7) സുനാമിയിൽ തകർന്ന ആറാട്ടുപുഴ പഞ്ചായത്തിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ശ്രീ. ബി. ബാബുപ്രസാദ് ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും മറുപടി നൽകി.

(8) വർക്കലയിലെ ചിലക്കൂരിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വർക്കല കഹാർ ഉന്നയിച്ച സബ്മിഷന് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി മറുപടി നൽകി.

(9) മാറാട് സംഭവത്തിൽ നാശനഷ്ടങ്ങൾക്കിരയായവർക്ക് നഷ്ടപരിഹാരം നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എ. പ്രദീപ് കുമാർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(10) വടകര നിയോജകമണ്ഡലത്തിലെ അഴിയൂരിൽ ടെക്നിക്കൽ ഹൈസ്ക്കൂൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. എം.കെ. പ്രേംനാഥ് ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(11) ആലത്തൂരിലെ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിപ്പിക്കേണ്ടതു സംബന്ധിച്ച് ശ്രീ.എം.ചന്ദ്രൻ ഉന്നയിച്ച സബ്മിഷന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(12) കുടുംബി സമുദായത്തെ പട്ടികജാതി–പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. സി.എം. ദിനേശ്മണി ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(ശ്രീ. കെ. ബാബുവും ഇതേ വിഷയം സംബന്ധിച്ച് നോട്ടീസ് നൽകിയിരുന്നു.)

(13) ഇറാൻകാരിയായ വിദ്യാർത്ഥിനി പീഡിപ്പിക്കപ്പെട്ടതു സംബന്ധിച്ച് ശ്രീ. എം. ഉമ്മർ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(14) കണ്ണൂർ ജില്ലയിലെ പാനൂർ മുക്കിൽപീടിക അയിഷ മൻസിലിൽ നബീസു, ആമിന എന്നിവരുടെ കൊലപാതകം സംബന്ധിച്ച് ശ്രീ. കെ.പി. മോഹനൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

## V റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2006–ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VI റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VII ധനകാര്യം

**2007-08 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച**

ചർച്ചയിൽ പങ്കെടുത്തുകൊണ്ട് മി. ഡെപ്യൂട്ടി സ്പീക്കർ, സർവ്വശ്രീ കെ.സി. ജോസഫ്, കെ.കെ. ജയചന്ദ്രൻ, അബ്ദുറഹിമാൻ രണ്ടത്താണി, രാജാജി മാത്യു തോമസ്, കെ.കെ. ഷാജു, എം.കെ. പ്രേംനാഥ്, മോൻസ് ജോസഫ്, എ.എ. അസീസ്, വി. ചെന്താമരാക്ഷൻ, എ.കെ. ശശീന്ദ്രൻ, രാമചന്ദ്രൻ കടന്നപ്പള്ളി, വി.ഡി. സതീശൻ, കെ.ടി. ജലീൽ, എൻ.രാജൻ, തോമസ് ചാഴികാടൻ, പി.കൃഷ്ണപ്രസാദ്, എം. മുരളി, ശ്രീമതി ജെ. അരുന്ധതി, ശ്രീമതി കെ. കെ. ശൈലജ ടീച്ചർ എന്നിവർ സംസാരിച്ചു.

## VIII വ്യക്തിപരമായ വിശദീകരണം

കെ.എസ്.എഫ്.ഇ.യിൽ താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ചതുമായി ബന്ധപ്പെട്ട് ശ്രീ.കെ. കെ. ഷാജു ആരോപണം ഉന്നയിച്ചത് നിർഭാഗ്യകരമായിപ്പോയെന്നും അതിനെ പൂർണ്ണമായും നിഷേധിക്കുന്നുവെന്നും കെ.എസ്.എഫ്.ഇ. കമ്പ്യൂട്ടർവൽക്കണത്തിന്റെ ഭാഗമായി അരിയർ വർക്ക് തീർക്കുന്നതിനായി ദിവസക്കൂലി അടിസ്ഥാനത്തിൽ കുറച്ചുപേരെ എടുത്തിട്ടുണ്ടെന്നും അരിയർ വർക്ക് തീരുന്നതുവരെയോ അല്ലെങ്കിൽ ആറുമാസംവരെയോ മാത്രമേ ഇവരെ

ഉപയോഗപ്പെടുത്തുകയുള്ളൂവെന്നും ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് അറിയിച്ചു.

2007 മാർച്ച് 13–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.30–ന് പിരിഞ്ഞു.